## ബൈബിൾ ചിത്രകഥ

# സാമുവേൽ



## ബൈബിൾ ചിത്രകഥ-9

# സാമുവേൽ

**രചന : മൈക്കിൾ കാരിമറ്റം**

**ചിത്രീകരണം : ദേവസി * ബെന്നി**

# സാമുവേൽ

ഇസ്രായേലിനെ ഭരിച്ച ന്യായാധിപന്മാരിൽ അവസാനത്തെയാളാണ് സാമുവേൽ. ബി.സി. പതിനൊന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അദ്ദേഹം ഒരേ സമയം ന്യായാധിപനും പ്രവാചകനും ആയിരുന്നു. ഇസ്രായേലിന്റെ ചരിത്രത്തിൽ മോശ കഴിഞ്ഞാൽ ഇത്രയേറെ പ്രാധാന്യമർഹിക്കുന്ന മറ്റൊരു വ്യക്തിയില്ല. ബൈബിളിലെ രണ്ടു പുസ്തകങ്ങൾ അദ്ദേഹത്തിൻറെ പേരിലാണ് അറിയപ്പെടുന്നത്.

1 സാമുവേൽ ഒന്നു മുതൽ എട്ടു വരെ അധ്യായങ്ങളാണ് ഈ കഥയുടെ ആധാരം.

വന്ധ്യയായ ഹന്നായുടെ ഹൃദയം നൊന്ത പ്രാർത്ഥനയുടെ ഫലമായി ദൈവം അവൾക്കു നൽകിയ മകനാണ് സാമുവേൽ. "ദൈവത്തിൻറെ പേര്" അഥവാ “അവൻറെ പേര് ദൈവം” എന്നാണ് സാമുവൽ എന്ന പേരിൻറെ അർത്ഥം. പേര് അർത്ഥമാക്കുന്നതു പോലെതന്നെ ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ട ഒരു ജീവിതമായിരുന്നു സാമുവേലിന്റേത്.

ജനിക്കുന്നതിനു മുമ്പ് തന്നെ അദ്ദേഹം ദൈവശുശ്രൂഷക്കായി പ്രതിഷ്ഠിക്കപ്പെട്ടു. അമ്മയുടെ വാഗ്ദാനം മകൻ സ്വന്തമായി സ്വീകരിച്ചു. "*കർത്താവേ അരുളി ചെയ്താലും, അങ്ങേ ദാസനിതാ ശ്രവിക്കുന്നു*" എന്നു പറഞ്ഞുകൊണ്ടു ദൈവത്തിൻറെ പദ്ധതിക്ക് പൂർണമായി സ്വയം വിട്ടുകൊടുത്ത ആ ജീവിതം

ആത്മസംഘർഷങ്ങളുടെയും കഠിനമായ സംഘട്ടനങ്ങളുടെയും ഇടയിലൂടെയാണ് കടന്നുപോയത്.

ഇസ്രായേൽ ചരിത്രത്തിന്റെ നിർണായകമായ ഒരു വഴിത്തിരിവിലാണ് സാമുവേൽ നില്ക്കുന്നത്. തികച്ചും നാടകീയമായ ആ ജീവിതത്തിൽ രണ്ട് പ്രധാന മുഹൂർത്തങ്ങൾ കാണാം. അഫെക്കിലെ പരാജയത്തോടെ ഉണ്ടായ പ്രതിസന്ധിയാണ് ഒന്ന്. ഇസ്രായേലിന്റെ ആശാകേന്ദ്രമായ ഉടമ്പടിയുടെ പേടകം ശത്രുകരങ്ങളിലായി. പുരോഹിതന്മാർ കൊല്ലപ്പെട്ടു. ആരാധനാകേന്ദ്രമായ ഷീലോ നശിപ്പിക്കപ്പെട്ടു. ഈ പ്രതിസന്ധിയിൽ ജനത്തിന് ധൈര്യം പകരുകയും അവരെ തങ്ങളുടെ ദൈവമായ യാഹ്വേയിലേക്കു തിരിയാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന സാമുവേൽ വിശ്വാസത്തിൻറെ സംരക്ഷകനായി നിലകൊള്ളുന്നു.

തങ്ങൾ നേരിടേണ്ടിവന്ന പരാജയവും നാശനഷ്ടങ്ങളും ക്ലേശങ്ങളും എല്ലാം കർത്താവിനെ പരിത്യജിച്ചതിൻറെ ഫലമാണെന്ന് അദ്ദേഹം ജനങ്ങളെ ബോധ്യപ്പെടുത്തി.

രാജാവിനു വേണ്ടി ജനം മുറവിളി കൂട്ടിയ പ്രതിസന്ധിയാണു രണ്ടാമത്തേത്. ഗോത്രാടിസ്ഥാനത്തിലുള്ള ഭരണസംവിധാനവും ന്യായാധിപന്മാരുടെ സംരക്ഷണവും ശത്രുക്കളുടെ ആക്രമണത്തെ ചെറുത്തുനിൽക്കാൻ അപര്യാപ്തമായിത്തീർന്നു. മെച്ചപ്പെട്ട ആയുധവും സൈനിക സംവിധാനവുമുള്ള ഫിലിസ്ത്യരെ എതിരിടാൻ സുശക്തമായ സൈന്യവും അവരെ നയിക്കാൻ കരുത്തനായ ഒരു രാജാവും ആവശ്യമാണെന്ന ബോധ്യം ഒരുവശത്ത്, ഇസ്രായേലിന് കർത്താവല്ലാതെ മറ്റൊരു രാജാവില്ല എന്ന അടിസ്ഥാനപരമായ വിശ്വാസം മറുവശത്ത്.

സാമുവേലിനെ അതിരൂക്ഷമായി പരീക്ഷിച്ച ഒരു പ്രതിസന്ധിയായിരുന്നു അത്. മനസ്സില്ലാ മനസ്സോടെ രാജാവിനെ വാഴിക്കാൻ തീരുമാനിക്കുമ്പോഴും ദൈവത്തിൻറെ പരമാധികാരത്തിലും പരിപാലനയിലുമുള്ള വിശ്വാസം അദ്ദേഹം ഊന്നിപ്പറയുന്നുണ്ട്.


ഇസ്രായേൽ ജനത്തെ ദൈവത്തിൻറെ കണ്ണിലൂടെ നോക്കിക്കാണുകയും ഗാഢമായി സ്നേഹിക്കുകയും ചെയ്ത സാമുവേൽ വലിയൊരു പ്രവാചകനായിരുന്നു. ജനത്തെയും ജനനേതാക്കന്മാരെയും മുഖം നോക്കാതെ നിർഭയം ദൈവവചനം അറിയിക്കുകയും അവരുടെ തെറ്റുകളെ കർക്കശമായി വിമർശിക്കുകയും ചെയ്യുന്ന പ്രവാചക പാരമ്പര്യത്തിന്റെ തുടക്കത്തിലാണ് സാമുവേൽ നിൽക്കുന്നത്.

ജനത്തിന്റെ ദുരിതങ്ങളിൽ ഉള്ളുരുകി കരയുകയും അവർക്കുവേണ്ടി ദൈവതിരുമുമ്പിൽ മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യുന്ന പുരോഹിതനാണ് സാമുവേൽ. അദ്ദേഹം ദൈവത്തിൻറെ വിളിക്കു നിരന്തരം കാതോർക്കുകയും ദൈവത്തിൻറെ ഇഷ്ടം സ്വന്തം ജീവിതത്തിനു മാനദണ്ഡമായി സ്വീകരിക്കു കയും ചെയ്തു. ദൈവഹിതത്തിന് തന്നെത്തന്നെ പൂർണ്ണമായി സമർപ്പിച്ച പുരോഹിതനും പ്രവാച കനും രാജാവുമായ യേശുവിൻറെ മുന്നോടിയാണ് സാമുവേൽ. വിട്ടുവീഴ്ചയില്ലാത്ത വിശ്വസ്തതയു ടെയും അടിപതറാത്ത വിശ്വാസത്തിന്റെയും നിരന്തരമായ പ്രാർത്ഥനയുടെയും മഹനീയമായ ഒരു മാതൃകയാണ് അദ്ദേഹം.


എഫ്രേം മലനാട്ടിലെ ഒരു പട്ടണമായ റാമായിൽ എല്ക്കാന എന്നൊരാളുണ്ടായിരുന്നു. അയാൾക്കു രണ്ടു ഭാര്യമാരുണ്ടായിരുന്നു - പെനീന്നായും ഹന്നായും. പെനീന്നായ്ക്കു മക്കളുണ്ടായിരുന്നു. ഹന്നായാകട്ടെ വന്ധ്യയും. മക്കളില്ലാത്തതിൻറെ പേരിൽ ഹന്നായെ പെനീന്നാ പരിഹസിക്കുകയും വേദനിപ്പിക്കുകയും ചെയ്യുമായിരുന്നു.

**എല്ക്കാന ആണ്ടുതോറും കുടുംബസമേതം ഷീലോയിലെ ദേവാലയത്തിലേക്കു തീർത്ഥയാത്ര പോയിരുന്നു.**




അതു സാരമില്ല. എൻറെ കൊച്ചിനെ ഞാനെടുത്തോളാം. ഹാന്നായ്ക്കു കൊച്ചിനെ എടുക്കണമെങ്കിൽ....
നീ എന്തിനാ ഇങ്ങനെ കുത്തുവാക്കു പറഞ്ഞ് അവളെ വേദനിപ്പിക്കുന്നത്?


അവളെന്തിനാ വേദനി
ക്കുന്നത്? വേദനയെല്ലാം
എനിക്കല്ലേ? പിന്നെ,
മക്കളെ താലോലിക്കണ
മെങ്കിൽ ദൈവാനുഗ്രഹം
വേണം.


കർത്താവായ ദൈവമേ, എനിക്കൊരു കുഞ്ഞില്ലാഞ്ഞിട്ടല്ലേ എന്നും ഈ അപമാനം സഹിക്കേണ്ടിവരുന്നത്!



അവർ കർത്താവിൻറെ പേടകം സ്ഥിതിചെയ്യുന്ന ഷീലോയിലെത്തി.
നമുക്കു ഭക്ഷണം കഴിച്ച് അല്പം വിശ്രമിക്കാം. ഉച്ചകഴിഞ്ഞു ബലിയർപ്പിക്കാം.


ഹന്നാ, നീ എന്തിനാ ഇങ്ങനെ കരയുന്നത്? ഭക്ഷണം കഴിക്കൂ!
ഞാൻ എന്തിനാ ഭക്ഷിക്കുന്നത്? കർത്താവുപോലും ഉപേക്ഷിച്ച ഞാൻ കരയുകയല്ലാതെ എന്തു ചെയ്യും?
!


ഹന്നാ, നിനക്കു പത്തു മക്കളേക്കാൾ മെച്ചമല്ലേ ഞാൻ? പെനീന്നാ വല്ലതും പറഞ്ഞെന്നു വച്ച് അതിത്ര കാര്യമാക്കാനുണ്ടോ?



അവർ കർത്താവിനു ബലിയർപ്പിക്കാനുള്ള
മാംസം വേവിച്ചുകൊണ്ടിരുന്നപ്പോൾ
പുരോഹിതൻറെ സേവകർ വന്നു.
??
നിങ്ങളെന്താണീ ചെയ്യുന്നത്? ഇതു കർത്താവിനു ബലിയർപ്പിക്കാനുള്ളതാണ്.
പുരോഹിതനു കൊടുത്തു കഴിഞ്ഞു മിച്ചമുള്ളതു മതി കർത്താവിന്.



എന്നു മുതലാണിങ്ങനെ?
പുതിയ പുരോഹിതനായ ഫിനഹാസിന്റെ കല്പനയാ.
പുരോഹിതന്മാർ ഇത്ര അധഃപതിച്ചെന്നോ!



ഹന്നാ കർത്താവിന്റെ പേടകത്തിനു മുമ്പിൽ.
കർത്താവായ ദൈവമേ, ഈ ദാസിയെ കടാക്ഷിച്ച് എന്റെ അപമാനം മാറ്റണമേ. അങ്ങ് എനിക്കൊരു പുത്രനെ തന്നാൽ അവനെ ഞാൻ അങ്ങയുടെ പുരോഹിത ശുശ്രൂഷയ്ക്കായി പ്രതിഷ്ഠിക്കും...


വൃദ്ധനായ പുരോഹിതൻ ഹേലി ഹന്നായോട്
എന്താടീ കാലത്തേ കുടിച്ചു ലക്കില്ലാതെ പുലമ്പുന്നത്?
ഗുരോ, ഈ പാവപ്പെട്ട വളെ തെറ്റിദ്ധരിക്കരുതേ. എൻറെ ദുഃഖങ്ങൾ ഞാൻ കർത്താവിന്റെ മുമ്പിൽ സമർപ്പിക്കുകയായിരുന്നു.
സമാധാനമായി പോകൂ! കർത്താവു നിൻറെ പ്രാർത്ഥന കേൾക്കും.


കർത്താവു ഹന്നായുടെ പ്രാർത്ഥനകേട്ട് ഒരു പുത്രനെ നൽകി. അവനു സാമുവേൽ എന്നു പേരിട്ടു. സാമുവേലിന് അഞ്ചുവയസായപ്പോൾ അവൾ ഷീലോയിലേക്കു പോയി.
എന്തിനാണമ്മേ ഈ കാള?
കർത്താവിനു കാഴ്ചകൊടുക്കാനാണു മോനേ.



എൻറെ ഹൃദയം കർത്താവിൽ ആനന്ദിക്കുന്നു. ഈ ദാസിയെ അപമാനത്തിൻറെ പൂഴിയിൽനിന്ന് അവിടുന്ന് ഉയർത്തി.



മകനേ, നീ ഈ ദേവാലയ
ത്തിൽ വസിച്ചു കർത്താ
വിനു ശ്രുശ്രൂഷ ചെയ്യണം.
അമ്മ എന്നെ തനി
യെ വിട്ടേച്ചു
പോവുകയാണോ?
അമ്മ ആണ്ടുതോ
റും വന്നു മോനെ
കാണാം.
!



ഗുരോ, ഈ കുഞ്ഞിനുവേണ്ടിയാണു കർത്താവിനോടു ഞാൻ പ്രാർഥിച്ചത്. ഞാൻ ഇവനെ കർത്താവിനു സമർപ്പിച്ചിരിക്കുന്നു. ആജീവനാന്തം ഇവൻ കർത്താവിനുള്ളവനായിരിക്കും.
മകളേ, നിന്റെ വിശ്വാസവും ത്യാഗവും വലുതാണ്. ഏക മകനെ കർത്താവിനു നൽകുന്നല്ലോ.


കർത്താവായ ദൈവം തന്റെ മുഖം നിങ്ങളുടെമേൽ പ്രകാശിപ്പിക്കട്ടെ.... കർത്താവിനു സമർപ്പിച്ച ഈ കുഞ്ഞിനു പകരം പുത്രന്മാരേയും പുത്രിമാരേയും നൽകി നിങ്ങളെ അനുഗ്രഹിക്കട്ടെ.
!!


ബാലനായ സാമുവേൽ ഹേലിയുടെ കൂടെ ദേവാലയത്തിൽ വളർന്നു.
മകനേ, ഈ ഭദ്രദീപം കെടാതെ എണ്ണയൊഴിക്കുന്നതു നിന്റെ ജോലിയായിരിക്കും. ഈ ദീപം പോലെ നിൻറെ വിശ്വാസവും എന്നും കത്തിനിൽക്കണം.
!


ഹന്നായ്ക്കു വേറെയും മക്കളുണ്ടായി.
ആണ്ടുതോറും അവർ ഷീലോയിൽ വരും.
മകനേ, അമ്മ നിനക്കുവേണ്ടി പ്രത്യേകം ഉണ്ടാക്കിയതാണിത്. ഈ വെള്ളയുടുപ്പുപോലെ നിർമ്മലമായിരിക്കണം എന്നും നിൻറെ ജീവിതം.
!


മകനേ, നിനക്കിവിടെ സുഖമാണോ, ഗുരുവിനു നിന്നോടു സ്നേഹമാണോ?
!!
അദ്ദേഹം എനിക്ക് അപ്പനെപ്പോലെയാണ്.


ഹേലിയുടെ മക്കളും പുരോഹിതന്മാരുമായ ഹോഫ്നിയും ഫിനഹാസും അധർമ്മികളായിരുന്നു. കർത്താവയച്ച ഒരാൾ ഹേലിയുടെ അടുക്കൽ വന്നു.
അടിമകളായിരുന്ന നിങ്ങളെ ഈജിപ്തിൽനിന്നു മോചിപ്പിച്ചപ്പോൾ വിശുദ്ധനായ എന്റെ മുമ്പിൽ ശുശ്രൂഷ ചെയ്യാൻ നിന്റെ പിതാവായ അഹറോനോടു ഞാൻ കൽപിച്ചു. എന്റെ ബലിപീഠത്തിൽനിന്നു നിങ്ങൾ തിന്നുകൊഴുത്തു.
?!
?



എന്നേക്കാൾ കൂടുതൽ നിൻറെ മക്കളെ നീ മാനിക്കുന്നതെന്തുകൊണ്ട്? അവർ ബലിവസ്തുക്കൾ മോഷ്ടിക്കുന്നു. എൻറെ ആലയത്തിന്റെ പരിസരത്തു ജോലിചെയ്യുന്ന സ്ത്രീകളെ മാനഭംഗപ്പെടുത്തുന്നു.
!?


ആകയാൽ നിന്റെ മക്കൾ വാളിനിരയാകും. ദുഃഖം കൊണ്ടു ഹൃദയം പൊട്ടി നീ മരിക്കും. എനിക്കു ശുശ്രൂഷ ചെയ്യാൻ വിശ്വസ്തനായ ഒരുവനെ ഞാൻ തിരഞ്ഞെടുത്തു കഴിഞ്ഞു.


ഗുരോ, ആരാണയാൾ?
ആരാണെന്ന് എനിക്കറിയില്ല. കർത്താവിന്റെ വചനം സംസാരിച്ച ഒരു പ്രവാചകനാണ്.
!


മകനേ സാമുവേൽ, നീ എന്റെ മക്കളെപ്പോലെയാവരുത്. അവർ എൻറെ വാക്കു കേട്ടില്ല.
!


അന്നൊരു രാത്രി കർത്താവിൻറെ പേടകത്തിൻറെ അടുത്തു സാമുവേൽ കിടന്നുറങ്ങുകയായിരുന്നു. അപ്പോൾ
സാമുവേൽ സാമുവേൽ


ഗുരോ, ഇതാ ഞാൻ. അങ്ങ് എന്തിനാണ് എന്നെ വിളിച്ചത്?
ഞാൻ വിളിച്ചില്ല. നീ സ്വപ്നം കണ്ടതാവും. പോയി കർത്താവിനോടു പ്രാർത്ഥിച്ചിട്ടു കിടന്നുറങ്ങ്.
!


മൂന്നു തവണ ഇതാവർത്തിച്ചു. കർത്താവാണു തന്നെ വിളിച്ചതെന്നു സാമുവേലിനു മനസിലായില്ല.
ഗുരോ, അങ്ങ് എന്നെ പേരുചൊല്ലി വിളിച്ചല്ലോ.
!!
പോയി കിടന്നുകൊള്ളുക. ഇനി വിളിച്ചാൽ കർത്താവേ അരുളിച്ചെയ്താലും, ദാസനിതാ ശ്രവിക്കുന്നു എന്നു പറയണം.
!

# സാമുവേൽ -

# സാമുവേൽ


കർത്താവേ അരുളിച്ചെയ്താലും, ദാസനിതാ ശ്രവിക്കുന്നു
ഇസ്രായേലിനെ അതിന്റെ പാപങ്ങൾക്കു ഞാൻ ശിക്ഷിക്കാൻ പോകുന്നു.
!


ഹേലിക്കുടുംബത്തിനെതിരേ ഞാൻ പറഞ്ഞതെല്ലാം നിറവേറ്റും. മക്കളുടെ ദുർവൃത്തിയെ തടയാത്തതുമൂലം ഹേലിയേയും അവൻറെ കുടുംബത്തേയും ഞാൻ കഠിനമായി ശിക്ഷിക്കും.
!!


പിറ്റേന്നു പ്രഭാതത്തിൽ
മകനേ, കർത്താവ് എന്താണ് നിന്നോടു പറഞ്ഞത്? ഒന്നും മറച്ചു വയ്ക്കരുത്.
അങ്ങയുടെ കുടുംബത്തിന്മേൽ കർത്താവു ഭീകരമായ ശിക്ഷ അയക്കാൻ പോകുന്നു. ബാലികളും കാഴ്ച്ചകളും പരിഹാരമാവുകയില്ല....
!?



ഇതു കർത്താവിൻറെ സ്വരമാണ്. അവിടുത്തേക്കിഷ്ടമുള്ളതു ചെയ്യട്ടെ. നീ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണം.

അന്നുമുതൽ സാമുവേൽ ഒരു പ്രവാചകനായി അറിയപ്പെട്ടു. ജനങ്ങളെല്ലാം അവൻറെ വാക്കുകൾ ആദരിച്ചു.





ഗുരോ, ഫിലിസ്ത്യർ നമ്മെ ആക്രമിക്കയാണ്. അഫെക്കിൽ നമ്മുടെ സൈന്യം പരാജയപെട്ടു.
കർത്താവു നമ്മെ കൈവിട്ടിരിക്കുന്നു.
ഇല്ല ഗുരോ, കർത്താവു തൻറെ ജനത്തെ ഉപേക്ഷിക്കുകയില്ല.
!!
കർത്താവു സൈന്യ ങ്ങളുടെ മദ്ധ്യേ ഇല്ലാത്തതിനാലാണു നമ്മൾ തോറ്റത്.


കർത്താവിൻറെ പേടകം യുദ്ധക്കളത്തിലേക്കു കൊണ്ടുപോകണം.
ഫിനഹാസ്, നീയും ഹോഫ്നിയും പേടകത്തിനു മുൻപേ നടക്കണം.
അതു കർത്താവിനെ പരീക്ഷിക്കലാവും. നമ്മൾ കർത്താവിൻറെ അടുക്കലേക്കു തിരിഞ്ഞു പ്രാർത്ഥിക്കുകയാണു വേണ്ടത്.
!



എന്താണു വേണ്ടതെന്നു ഞങ്ങൾ തീരുമാനിച്ചുകൊള്ളാം. നിനക്കെന്താ ഇവിടെ കാര്യം?


സൈന്യങ്ങളുടെ കർത്താവായ ദൈവത്തിൻറെ കൈ കുറുകിപ്പോയിട്ടാണോ ഇപ്പോൾ പേടകം പടക്കളത്തിലേക്കു കൊണ്ടുപോകുന്നത്?
ഞങ്ങളുടെ അപ്പം തിന്നു വളരുന്നതും പോരാ, നീ ഇപ്പോൾ പുരോഹിതനോടു വാദിക്കാൻ വരുന്നോ.
മകനേ ഫിനഹാസ്, സാമുവേൽ പറഞ്ഞതിൽ കാര്യമുണ്ട്.
!!


നിങ്ങൾ ശരിയും തെറ്റും നിശ്ചയിച്ചു വരുമ്പോഴേക്കും ഫിലിസ്ത്യസൈന്യം ഇങ്ങെത്തും.
കർത്താവിൻറെ ഇഷ്ടം അന്വേഷിക്കാതെ പേടകം കൊണ്ടുപ്പോകുന്നതു ശരിയാണോ?
വരൂ, ദേവാലയ ത്തിലേക്കു പോകാം. പേടകം ഉടനേ പടക്കള ത്തിലെത്തിക്കാം.
?


ജനം യുദ്ധക്കളത്തിൽ മരിച്ചു വീഴുമ്പോൾ പേടകം ദേവാലയത്തിലല്ല, പടക്കളത്തിലാണ് ഇരിക്കേണ്ടത്.


അവർ കർത്താവിൻറെ പേടകം പടക്കളത്തിലേക്കു കൊണ്ടുപോയി.
ഗുരോ, കർത്താവിൻറെ ആലയം ശൂന്യമായിരിക്കുന്നു. പേടകം കൊണ്ടുപോകാൻ അങ്ങ് അനുവദിക്കരുതായിരുന്നു.
അവരെ തടയാൻ ഈ വൃദ്ധനു കെല്പില്ല മകനേ.
!?


എന്നാലും കർത്താവു നമ്മുടെ ശത്രുക്കളെ തോല്പിച്ച് തൻറെ ആലയത്തിലേക്കു മടങ്ങിവരും.
എന്തോ എനിക്കു പേടിയാകുന്നു. കർത്താവിൻറെ വഴികൾ നിശ്ചയിക്കാൻ നമുക്കു കഴിയുമോ?


എന്താ ഒരു വലിയ ആരവം കേൾക്കുന്നത്? വിജയാട്ടഹാസം പോലെ തോന്നുന്നുണ്ടല്ലോ.
അല്ല, കൂട്ടനിലവിളിയാണ്. ആരോ പാഞ്ഞു വരുന്നുണ്ടല്ലോ.
!!


ഗുരോ, എല്ലാം നശിച്ചു. പേടകം ഫിലിസ്ത്യർ പിടിച്ചെടുത്തു. പുരോഹിതന്മാർ കൊല്ലപ്പെട്ടു.
??


ഈ വാർത്ത കേട്ടു ഹേലി വീണു കഴുത്തൊടിഞ്ഞു മരിച്ചു.
കർത്താവേ!
??


ഇസ്രായേൽ ജനം ഷീലോയിൽ ഒരുമിച്ചുകൂടി.
പേടകം പോയി. കർത്താവും പോയി. ഇനി നമ്മൾ ആരോടാണു പ്രാർത്ഥിക്കുക!
പേടകത്തിനു പകരം ബാൽദേവൻറെ വിഗ്രഹം സ്ഥാപിക്കാം.
ബാൽ ശക്തനായതു കൊണ്ടല്ലേ കർത്താവിൻറെ പേടകംപോലും പിടിച്ചെടുത്തത്?


ഇതു ദൈവത്തെ പ്രകോപിപ്പിക്കലാണ്.
സ്വന്തം ഇരിപ്പിടം സംരക്ഷിക്കാൻ കഴിവില്ലാത്ത കർത്താവാണോ ദൈവം?
!!


നിങ്ങളുടെ തോന്ന്യാസ
ത്തിനു കർത്താവു
കൂട്ടുനിൽക്കുമെന്നു
കരുതിയോ?



ഞങ്ങളെന്തു തെറ്റു ചെയ്തു? കർത്താവിൻറെ സഹായം തേടിയല്ലേ പേടകം കൊണ്ടുപോയത്?
പുരോഹിതന്മാരാണതു പടക്കളത്തിലെത്തിച്ചത്.
!
തെറ്റാരു ചെയ്താലും ശിക്ഷയനുഭവിച്ചേ മതിയാകൂ!
!!



ഇനിയും കർത്താവിനെ പരീക്ഷിക്കാതെ അനുതപിക്കുവിൻ. കർത്താവു നമ്മെ രക്ഷിക്കാൻ മടങ്ങിവരും.
ഞങ്ങൾ എന്താണു ചെയ്യേണ്ടത്?
അങ്ങു ഞങ്ങളെ നയിക്കണം.
ഞാനല്ല. കർത്താവായിരിക്കും നിങ്ങളെ നയിക്കുക.

പിടിച്ചെടുത്ത പേടകം ഫിലിസ്ത്യർ ആഷ്ദോദിൽ കൊണ്ടുചെന്ന് അവരുടെ ദേവാലയത്തിൽ
ദാഗോൺ ദേവൻറെ പ്രതിമയുടെ അടുത്തു സ്ഥാപിച്ചു. പിറ്റേന്നു പ്രഭാതത്തിൽ




ഈ പേടകമാണി
തിനു കാരണം.
ഇസ്രായേൽ ദേവൻറെ
കോപമായിരിക്കും. നമുക്കിതു
ഗത്തുകാർക്കു കൊടുക്കാം.
!!


കർത്താവിൻറെ പേടകം ചെന്നിടത്തെല്ലാം ഫിലിസ്ത്യർക്കു കഠിനമായ രോഗം ബാധിച്ചു.   അതിനാൽ അവസാനം പേടകം  ഇസ്രയേലിലേക്കു തിരിച്ചയച്ചു.
അതാ കർത്താവിൻറെ പേടകം വരുന്നു.
കർത്താവു നമ്മളെ കൈവിട്ടിട്ടില്ല
വരിൻ, പേടകം എവിടെ വന്നു നില്ക്കുമെന്നു നോക്കാം.
!


പേടകം നിന്നിടത്ത് അവർ ഒരു ബലിപീഠമുണ്ടാക്കി. ആ രണ്ടു പശുക്കളേയും കർത്താവിനു ബലിയർപ്പിച്ചു.
നമുക്ക് ഇവിടെ കർത്താവിനുവേണ്ടി ഒരാലയം പണിയണം.
അതു നമ്മളങ്ങനെ തീരുമാനിച്ചാൽ മതിയോ? കർത്താവിൻറെ ഹിതം അറിയേണ്ടേ?
നമുക്കു സാമുവേൽ പ്രവാചകനോടു ചോദിക്കാം.
!



അവർ പേടകം മലമുകളിൽ അബിനാദാബിന്റെ വീട്ടിൽ സ്ഥാപിച്ചു. വർഷങ്ങൾ കടന്നുപോയി. ഫിലിസ്ത്യരുടെ ആധിപത്യത്തിൻ കീഴിൽ ഇസ്രായേൽ ജനം വിലപിച്ചു.
കർത്താവു നമ്മളെ ഉപേക്ഷിച്ചിരിക്കയാണ്. അതുകൊണ്ടല്ലേ ഫിലിസ്ത്യർ നമ്മളെ ഇങ്ങനെ പീഡിപ്പിക്കുന്നത്.
നമ്മൾ അധ്വാനിച്ചുണ്ടാക്കുന്നതിൻറെ മുക്കാൽ ഭാഗവും അവർക്കു നികുതിയായി കൊടുക്കണം.
പിതാക്കന്മാർക്കു കർത്താവു നൽകിയ ഈ ഭൂമിയിൽ എന്നാണു നമുക്കു സ്വാതന്ത്ര്യം കിട്ടുക!
!


നിങ്ങളുടെ അവിശ്വസ്തതയ്ക്കു കർത്താവു നിങ്ങളെ ശിക്ഷിക്കുകയാണ്.  നിങ്ങളുടെ വീടുകളിൽനിന്നു വിഗ്രഹങ്ങൾ നീക്കം ചെയ്യുവിൻ.
!


പൂർണ്ണ ഹൃദയത്തോടെ കർത്താവിങ്കലേക്കു തിരിയുവിൻ. ഇന്നേക്ക് ഏഴാം ദിവസം ഇസ്രായേൽ ജനം ഒന്നടങ്കം മിസ്പായിൽ ഒരുമിച്ചു കൂടണം.


മിസ്പായിലെ സമ്മേളനം
വിഗ്രഹങ്ങളെ ആരാധിക്കുക വഴി നിങ്ങൾ വലിയ തെറ്റു ചെയ്തിരിക്കുന്നു.



ഇസ്രായേൽക്കാർ മിസ് പായിൽ ഒരുമിച്ചുകൂടിയെന്നറിഞ്ഞു ഫിലിസ്ത്യർ അവരെ ആക്രമിക്കാൻ വന്നു.
അതാ ഫിലിസ്ത്യ സൈന്യം.
നമ്മൾ നശിച്ചതുതന്നെ.
!!!
ഭയപ്പെടേണ്ട. കർത്താവു നമ്മെ രക്ഷിക്കും.


ഫറവോയേയും സൈന്യ
ത്തേയും ചെങ്കടലിൽ
ആഴ്ത്തിയ കർത്താവായ
ദൈവമേ, അങ്ങയുടെ ഈ
ജനത്തെ കടാക്ഷിക്കണമേ.
അഹങ്കാരത്തോടെ അടുത്തു
വരുന്ന ഈ ശത്രുസൈന്യ
ത്തിൽനിന്നു ഞങ്ങളെ
കൈനീട്ടി രക്ഷിക്കണമേ.


സാമുവേൽ പ്രാർത്ഥിച്ചപ്പോൾ കർത്താവു ഫിലിസ്ത്യരെ ചിതറിച്ചു.
അതാ ദൈവങ്ങൾ നമുക്കെതിരേ വരുന്നു!
!!??
അവരെ പിന്തുടരുവിൻ.
ഇസ്രായേൽക്കാരുടെ ദൈവങ്ങളിൽനിന്ന് ആരു നമ്മളെ രക്ഷിക്കും?
????



ഏറെക്കാലം സാമുവേൽ ഇസ്രായേലിൽ ന്യായാധിപനായിരുന്നു. ജനം അദ്ദേഹത്തെ അനുസരിച്ചു. അന്നു നാട്ടിൽ നീതിയും സമാധാനവുമുണ്ടായിരുന്നു. എന്നാൽ, സാമുവേൽ വൃദ്ധനായപ്പോൾ അവർ വീണ്ടും വിഗ്രഹാരാധനയിൽ മുഴുകി.
ഫിലിസ്ത്യർ അടിക്കടി ശക്തിപ്പെടുകയാണ്.
എങ്ങനെ ശക്തിപ്പെടാതിരിക്കും? രാജാക്കന്മാരല്ലേ അവരെ നയിക്കുന്നത്?
അവരുടെ പട്ടാളത്തിൻറെ പരിശീലനവും അച്ചടക്കവും ഒന്ന് കാണേണ്ടതു തന്നെ.
!!!


ഫിലിസ്ത്യ സൈന്യം


അവർക്കു സ്ഥിരമായി സൈന്യമുണ്ട്. രാജാവു കൽപിക്കുമ്പോൾ പതിനായിരങ്ങൾ ഒന്നിച്ചല്ലേ നീങ്ങുന്നത്!
!
അവരുടെ തേരുകളും ആയുധങ്ങളും കാണേണ്ടതുതന്നെ.
!!





നമുക്ക് ഒരു രാജാവുണ്ടായിരുന്നെങ്കിൽ നമ്മളും അവരെപ്പോലെ ശക്തരാകുമായിരുന്നു!


നമ്മൾ നശിക്കാതിരിക്കാൻ ഈ ഒരു മാർഗ്ഗമേയുള്ളൂ.
ആരെയാണു രാജാവാക്കുക?
സാമുവേൽ പ്രവാചകനോട് ആലോചിക്കാം.
!!


അദ്ദേഹം സമ്മതിക്കുമോ?
സമ്മതിച്ചാലും ഇല്ലേലും രാജാവിനെ വാഴിച്ചേ മതിയാകൂ.
?

## ഇസ്രായേൽ ശ്രേഷ്ഠന്മാർ സാമുവേലിൻറെ മുമ്പിൽ





നിങ്ങൾ കർത്താവിനെ പരിത്യജിച്ചു. സ്വാർത്ഥ ലാഭത്തിനുവേണ്ടി അനീതിയിൽ മുഴുകി.
കർത്താവ്, കർത്താവ് എന്നു പറഞ്ഞിരുന്നാൽ ഇനി അടിമത്തമേ അവശേഷിക്കു.
?
ഞങ്ങളെ നയിക്കാൻ ഒരു രാജാവിനെ വാഴിച്ചു തരണം.



ഫിലിസ്ത്യരേയും അമ്മോന്യരേയും ഒക്കെ കണ്ടില്ലേ? രാജാവുള്ള തുകൊണ്ടല്ലേ അവർ ജയിക്കുന്നത്?
രാജാവുണ്ടായാൽ പിന്നെ നമുക്കാരെയും പേടിക്കേണ്ട. രാജ്യത്തു സമൃദ്ധിയുണ്ടാകും.
! 9#*
നിങ്ങൾ മറ്റു ജനതകളെപ്പോലെ യല്ല. കർത്താവാണു നിങ്ങളുടെ രാജാവ്.



നമ്മുടെ പിതാക്കന്മാരെ ഈജിപ്തിൽനിന്നു മോചിപ്പിച്ചത് ഏതു രാജാവാണ്? ആരാണു നമുക്കു കാനാൻ കയ്യടക്കി തന്നത്?
?
അതൊക്കെ പഴയകഥ. ഇന്നു രാജാക്കന്മാരെ നേരിടാൻ രാജാവുതന്നെ വേണം.


മിസ് പായിൽ വച്ചു ഫിലിസ്ത്യരെ ചിതറിച്ചത് ഏതു രാജാവാണ്? കണ്ട നിങ്ങൾതന്നെ പറയുവിൻ.
ഞങ്ങൾക്കു രാജാവിനെ വഴിച്ചുതരാൻ മനസ്സില്ലെങ്കിൽ ഞങ്ങൾ വേറെ മാർഗ്ഗം നോക്കും.
!
ഞാൻ കർത്താവിൻറെ ഹിതം ആരായട്ടെ. നിങ്ങൾ നാളെ വരുവിൻ.


ഈ ജനത്തെ എങ്ങനെ നിയന്ത്രിക്കും! എൻറെ വാക്ക് ഇനി അവർ കേൾക്കില്ല.


ഞാൻ വൃദ്ധനായി. കുറേക്കാല
മായി ഇസ്രായേൽ അടിക്കടി
പരാജയപ്പെടുകയാണ്. അവർ
പറയുന്നതിലും കാര്യമുണ്ടല്ലോ?



രാജാവും സൈന്യവും! ജനസ്വരം കർത്താവിൻറെ സ്വരമായിരിക്കുമോ? കാലത്തിനൊത്ത് വിവേകപൂർവം നീങ്ങേണ്ടേ?


പക്ഷെ ഇസ്രായേലിൻറെ
രാജാവു കർത്താവല്ലേ?


കർത്താവു തൻറെ ശക്തി പ്രകടിപ്പിക്കുന്നുമില്ല. ഞാൻ ഇനി എന്തു ചെയ്യും?


കർത്താവേ,
വഴി കാട്ടണമേ.


പിറ്റേന്നു പ്രഭാതത്തിൽ.
കർത്താവിൻറെ വാക്കു കേൾക്കുവിൻ. അവിശ്വസ്തരായ നിങ്ങൾക്കു രാജാവിനെ തരാം. പക്ഷേ, അവൻ നിങ്ങളിൽ കരുത്തരെ പടയാളികളും സേവകന്മാരും ആക്കും. നിങ്ങളുടെ പുത്രിമാർ അവൻറെ ഭാര്യമാരും ദാസികളും ആകും.
!!!


നിങ്ങളുടെ വയലുകൾ അവൻ കയ്യടക്കും. നിങ്ങൾ അവൻറെ അടിമകളായിത്തീരും. അന്നു വിലപിച്ചാൽ കർത്താവു കേൾക്കുകയില്ല.
അന്ന് ഞങ്ങൾ സഹിച്ചോളാം. ഇന്നു രാജാവിനെ കിട്ടണം.
ശരി, ഇന്നേക്ക് മുപ്പതാം ദിവസം മിസ്പായിൽ ഇസ്രായേൽ ജനത്തെ ഒന്നിച്ചു കൂട്ടുവിൻ

സാമുവേലിൻറെ കഥ ഇവിടെ അവസാനിക്കുന്നില്ല. ഇസ്രായേൽ ചരിത്രത്തിൻറെ നിർണ്ണായകമായ വഴിത്തിരിവിലൂടെ അദ്ദേഹത്തിൻറെ പ്രവർത്തനം തുടരുന്നു.

## അടുത്ത ചിത്രകഥ

# ഇസ്രായേലിൻറെ ആദ്യത്തെ രാജാവ്

# സാവൂൾ

# ചോദ്യങ്ങൾ

1. എന്നാണ് സാമുവേൽ ജീവിച്ചിരുന്നത്?
2. സാമുവേലിന്റെ ജനനത്തിനുമുമ്പ് ഹന്ന ചെയ്ത വാഗ്ദാനം എന്ത്?
3. സാമുവൽ എന്ന പേരിൻറെ അർത്ഥമെന്ത്?
4. സാമുവേലിന്റെ ജീവിതത്തിലെ രണ്ടു  നിർണായക മുഹൂർത്തങ്ങൾ ഏവ?
5. സാമുവേലിൽ തുടങ്ങുന്ന പ്രവാചക പാരമ്പര്യത്തിന്റെ പ്രത്യേകതകൾ ഏവ?
6. പുരോഹിതനെന്ന നിലയിൽ സാമുവേൽ എന്ത് ചെയ്തു?
7. സാമുവേൽ രാജാവാഴ്ചയെ എതിർക്കാൻ കാരണമെന്ത്?
8. ദൈവത്തിൻറെ നിർഭയനായ വക്താവായിരുന്നു  സാമുവേൽ. വിശദമാക്കുക.
9. യേശുവിൻറെ മുന്നോടിയാണ് സാമുവേൽ. എങ്ങനെ?
10. സാമുവേലിൻറെ ജീവിതത്തിൽ നിന്ന് എന്ത് പാഠമാണ് ലഭിക്കുന്നത്?

**മനഃപാഠമാക്കുക:** *"കർത്താവേ  അരുളിച്ചെയ്താലും.  അങ്ങേ ദാസനിതാ ശ്രവിക്കുന്നു."* (1. സാമു. 3:10)

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും